LIBRARY ARCHIVES Kerala Legislative Assembly

മത്സ്യവിളകളുടെ സംരക്ഷണത്തിന് ഇൻഷ്വറൻസ്

318(1064) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യവിളകളുടെ സംരക്ഷണത്തിന് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ നൽകുമോ?

2018-19 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിൽ ഉൾപ്പെടുത്തി മത്സ്യവിളകളുടെ സംരക്ഷണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ആയതനുസരിച്ച് മത്സ്യക്കൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനികളുമായി യോഗം ചേരുകയും തുടർന്ന് വിള ഇൻഷ്വറൻസിന് ടെണ്ടറുകൾ ക്ഷണിച്ചിരുന്നെങ്കിലും ടെണ്ടറുകൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യക്കൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

319(1065) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടെ ഹൃദയസ്തംഭനമോ അപകടമരണങ്ങളോ ഉണ്ടായാൽ സാമ്പത്തിക സഹായം നൽകാറുണ്ടോ?

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം ഉണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഹൃദയസ്തംഭനം ഇൻഷ്വറൻസ് പരിരക്ഷയിൽ വരുന്നില്ല.

(ബി) മത്സ്യത്തൊഴിലാളികളെ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ തുകയും മാനദണ്ഡങ്ങളും ഉൾപ്പടെ വിശദ വിവരം നൽകാമോ?

മത്സ്യബോർഡിൽ അംഗത്വമുള്ള 18 മുതൽ 70 വയസ്സുവരെയുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഓരോ വർഷവും ഇൻഷ്വർ ചെയ്തു വരുന്നു. അപകടം

LIBRARY ARCHIVES Kerala Legislative Assembly

മൂലമുള്ള മരണം, ആശുപത്രി ചികിൽസ, അവശത, വിദ്യാഭ്യാസ ധനസഹായം, ശവസംസ്കാര ചെലവ് എന്നിവയ്ക്ക് നൽകുന്ന പരമാവധി ഇൻഷ്വറൻസ് ധനസഹായത്തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

അപകടമരണം - 10 ലക്ഷം രൂപ, മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ - 10 ലക്ഷം രൂപ, സ്ഥിരവും പൂർണ്ണവുമായ അവശത - 10 ലക്ഷം രൂപ, സ്ഥിരവും ഭാഗികവുമായ അവശത - 5,00,000 രൂപ, അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം 5000 രൂപ പ്രകാരം പരമാവധി - 10,000 രൂപ, അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം - 25,000 (പരമാവധി), ശവസംസ്കാര ചെലവ്-2,500 രൂപ, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാത്ത ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് - 50,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായമായി നൽകി വരുന്നു.

മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

320(1066) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത യാനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിന് ഇ-ടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് നിലവിലെ പ്രീമിയം തുക. 2018-19 -ൽ 647, 2019-20 -ൽ 856, 2020-21 -ൽ 924 എന്നിങ്ങനെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ ടി പദ്ധതിയിൽ ഗുണ ഭോക്താക്കളായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.